Kerala Catholic Bishops' Council (KCBC)
Secretariat, Pastoral Orientation Centre, PB No.2251, Palarivattom, Kochi-682025, Kerala, India
Tel +91-484-2805722, 2805815, Fax +91-484-2806214
E-mail: kcbc@kcbc.in, www.kcbc.in

All Kerala Press Release
*Ref: 560KCBC/K-6/KPR/DS* *30.11.2016*

# നോട്ട് അസാധുവാക്കൽ: പഠന ശിബിരം നടത്തി

കൊച്ചി: നോട്ട് അസാധുവാക്കൽ ഇന്ത്യയുടെ സാമ്പത്തിക-സാമൂഹിക-രാഷ്ട്രീയ രംഗങ്ങളിൽ ഉണ്ടാക്കിയിട്ടുള്ള പ്രതിസന്ധിയെ വിലയിരുത്തുവാൻ കെസിബിസി പിഒസിയിൽ പഠനശിബിരം നടത്തി. കള്ളപണം, കള്ളനോട്ട്, കുഴൽ പണം ഇവയെ ഉന്മൂലനം ചെയ്യാനായി മോദി സർക്കാർ കൊണ്ടുവന്ന സാമ്പത്തിക പരിഷ്കാരങ്ങൾ വേണ്ട വിധത്തിൽ തയ്യാറെടുപ്പോടെ നടപ്പാക്കാതിരുന്നതുമൂലം സാധാരണ ജനത്തിനുള്ള ബുദ്ധിമുട്ടുകൾ യോഗം വിലയിരുത്തി. ഡോ. എൻ. അജിത് കുമാർ, ശ്രീ. കെ. വേണു, ഡോ. കെ. എം. ഫ്രാൻസിസ് എന്നിവർ പ്രബന്ധങ്ങൾ അവതരിപ്പിച്ചു. ഡോ. കൊച്ചുറാണി ജോസഫ് മോഡറേറ്ററായിരുന്നു. സർക്കാർ കറൻസി രഹിത സമ്പദ്‌വ്യവസ്ഥ സംജാതമാക്കാൻ പോവുകയാണെന്നും 100 കോടി മൊബൈൽ ഫോണുകൾ വിറ്റിട്ടുള്ള ഭാരതത്തിൽ പണമിടപാടുകളെല്ലാം ഓൺലൈൻ സംവിധാനത്തിലാകാൻ ബുദ്ധിമുട്ടുണ്ടാവില്ല എന്നും സാമ്പത്തിക ശാസ്ത്രജ്ഞൻ ഡോ. എൻ അജിത് കുമാർ വിലയിരുത്തി. രണ്ടാഴ്ചക്കുള്ളിൽ ക്രെഡിറ്റ്-ഡെബിറ്റ് കാർഡുകളുടെ ഉപയോഗത്തിൽ 108% വർധനയുണ്ടായിട്ടുണ്ടെന്നും മൊബൈൽ മണിയുടെ ഉപയോഗം സമ്പദ്ഘടനയെ ശക്തിപ്പെടുത്തുമെന്നും അദ്ദേഹം ചൂണ്ടിക്കാട്ടി.

നോട്ട് പിൻവലിക്കൽ നടപടി പരാജയത്തിലേക്ക് നീങ്ങുകയാണെന്നും പാവപ്പെട്ടവരും സാധാരണക്കാരും ദുരിതത്തിലാണെന്നും രാഷ്ട്രീയ നിരീക്ഷകൻ കെ. വേണു അഭിപ്രായപ്പെട്ടു. ഈ നടപടി ഏറ്റവും ബാധിച്ചിരിക്കുന്നത് സാധാരണക്കാരെയാണ്, പ്രത്യേകിച്ച് കർഷകരെ. അവരുടെ ദുരിതങ്ങൾക്ക് അറുതിവരുത്താൻ യാതൊരുശ്രമവും നടക്കുന്നില്ല. രാജ്യത്തെ അറുപതു ശതമാനത്തിലേറെ വരുന്ന കർഷകരും സാധാരണക്കാരും ഒറ്റ രാത്രികൊണ്ട് ഡിജിറ്റൽ ബാങ്കിങ്ങിലേക്കും മൊബൈൽ മണിയിലേക്കും മാറണമെന്ന് ശഠിക്കുന്നത് യാഥാർത്ഥ്യബോധം തീരെയില്ലാത്തതുകൊണ്ടാണ്. രാജ്യതാത്പര്യം എന്നതിനെക്കാൾ ഭരണത്തിലിരിക്കുന്നവരുടെ രാഷ്ട്രീയ-സാമ്പത്തിക താത്പര്യങ്ങളാണ് നോട്ടുപിൻവലിക്കലിലൂടെ സംരക്ഷിക്കാൻ ശ്രമിക്കുന്നത്. രാജ്യം ഭരണകൂടം സൃഷ്ടിച്ച ഒരു പ്രതിസന്ധി നേരിടുകയാണ്. പണച്ചുരുക്കവും സാമ്പത്തികമാന്ദ്യവും സാമ്പത്തിക രംഗത്തു തകർച്ചയുണ്ടാക്കും. വ്യവസായമേഖലയിൽ വൻതോതിൽ തൊഴിൽ നഷ്ടവും കാർഷികരംഗത്ത് ഇന്ത്യയുടെ ഗ്രാമങ്ങളിൽ ആത്മഹത്യയുടെ ഒരു പരമ്പരതന്നെയും ഉണ്ടായേക്കാം. ജനങ്ങളുടെ പ്രതിഷേധത്തിൽ പരുങ്ങിനില്ക്കുന്ന പ്രധാനമന്ത്രി ശ്രദ്ധതിരിച്ചുവിടാൻ പാക്കിസ്ഥാനുമായി ഒരു സൈനിക നടപടിക്കുപോലും തയ്യാറായേക്കുമെന്നും അദ്ദേഹം ചൂണ്ടിക്കാട്ടി.

PRESIDENT
CARDINAL BASELIOS CLEEMIS
Major Archbishop - Catholicos
Major Archbishop's House, Pattom, Trivandrum 695 004

VICE-PRESIDENT
MAR JOSEPH PERUMTHOTTAM
Archbishop's House, Changanacherry 686 101

SECRETARY GENERAL
BISHOP JOSEPH KARIYIL
Bishop's House, Fort Kochi, Kochi 682 001

DEPUTY SECRETARY GENERAL
FR. VARGHESE VALLIKKATT
Pastoral Orientation Centre, P.B. No. 2251, Kochi 682 025

ദളിത് പീഢനം ന്യൂനപക്ഷവിവേചനം അധികാരകേന്ദ്രീകരണം തുടങ്ങി ബിജെപിയ്ക്കെതിരെ ഉയർന്നുവന്ന നിരവധി ആരോപണങ്ങളിൽ നിന്ന് ഒറ്റയടിക്ക് ജനങ്ങളുടെ ശ്രദ്ധ തിരിച്ചുവിടാൻ നോട്ടു പിൻവലിക്കൽ പ്രഖ്യാപനം കൊണ്ടു കഴിഞ്ഞു. സാമ്പത്തിക അച്ചടക്കവും സുതാര്യതയും ഉറപ്പുവരുത്തേണ്ടത് സർക്കാരിന്റെ ഉത്തരവാദിത്വമാണ്. കള്ളപ്പണം കണക്കിൽപെടുത്തി നികുതി പിരിക്കാൻ സർക്കാരിന് അവകാശമുണ്ട്. കള്ളപ്പണക്കാർ ഉൾപ്പെടെ സഹകരണബാങ്കിൽ പണം നിക്ഷേപിച്ചിട്ടുണ്ടെങ്കിലും ഇല്ലെങ്കിലും സാധാരണക്കാരുടെ നിക്ഷേപ-വായ്പാ സംവിധാനമായ സഹകരണമേഖലയിലെ പ്രതിസന്ധി പരിഹരിക്കാൻ കേന്ദ്ര-സംസ്ഥാന സർക്കാരുകളും റിസർവ് ബാങ്ക് അധികൃതരും മുൻകയ്യെടുക്കണം. സാമ്പത്തിക അച്ചടക്കം എല്ലാ മേഖലയിലും അനിവാര്യമാണ് എന്നും പാവപ്പെട്ടവരുടെ സാമൂഹിക സുരക്ഷിതത്വത്തിന് സർക്കാർ സാമ്പത്തിക സഹായം നല്കണമെന്നും ഡോ. കെ.എം. ഫ്രാൻസിസ് ആവശ്യപ്പെട്ടു.

കെസിബിസി ഐക്യജാഗ്രതാസമിതിയുടെയും കേരള കാത്തലിക് ഫെഡറേഷന്റെയും സംയുക്താഭിമുഖ്യത്തിൽ സംഘടിപ്പിച്ച പഠനശിബിരം മാർ ജോസ് പുത്തൻ വീട്ടിൽ പിതാവ് ഉദ്ഘാടനം ചെയ്തു. പി.ഒ.സി ഡയറക്ടറും കെസിബിസി ഡെപ്യൂട്ടി സെക്രട്ടറി ജനറലുമായ റവ. ഫാ. വർഗീസ് വള്ളിക്കാട്ട് അദ്ധ്യക്ഷത വഹിച്ചു. പ്രൊഫ. നിർമല (സെന്റ് തെരേസാസ് കോളജ്), പ്രൊഫ. ജസ്റ്റിൻ (സെന്റ് പോൾസ് കോളജ്) പ്രൊഫ. ഫ്രാൻസിസ് (സെന്റ് ആൽബർട്ട്സ് കോളജ്), പ്രൊഫ. മഞ്ജുള എസ്. അയ്യർ (ഭാരത്മാതാ കോളജ്) , ശ്രീ. ജൂലിയസ് ആന്റണി (ബിസിനസ് കൺസൾട്ടന്റ്), പ്രൊഫ. നിതിൻ (ഭാരത്മാതാ കോളജ്), ഡോ. രാജു (എസ്.എച്ച്. കോളജ്) എന്നിവർ പ്രതികരണങ്ങൾ നടത്തി. സെന്റ് തെരേസാസ്, സെന്റ് പോൾസ്, സെന്റ് ആൽബർട്ട്സ് ഭാരത് മാത, സേക്രട്ട്ഹാർട്ട്, തേവര എന്നീ കോളജുകളിലെ സാമ്പത്തീകശാസ്ത്ര അധ്യാപകരും, വിദ്യാർഥികളും ഈ പഠനശിബിരത്തിൽ പങ്കെടുത്തു. കെസിബിസി ഐക്യജാഗ്രതാകമ്മീഷൻ സെക്രട്ടറി ഫാ. സാജു സി.എസ്.റ്റി, ശ്രീ. ഷാജി ജോർജ് (പ്രസിഡന്റ്, കേരള കാത്തലിക് ഫെഡറേഷൻ), പ്രൊഫ. ജോസ്കുട്ടി ജെ. ഒഴുകയിൽ (ട്രഷറർ, കേരള കാത്തലിക് ഫെഡറേഷൻ) എന്നിവർ പഠനശിബിരത്തിന് നേതൃത്വം നൽകി.

**ഫാ. വർഗീസ് വള്ളിക്കാട്ട്**
ഡെപ്യൂട്ടി സെക്രട്ടറി ജനറൽ, ഒദ്യോഗിക വക്താവ്,
കെസിബിസി/ഡയറക്ടർ, പി.ഒ.സി

**ഫാ. സാജു സി.എസ്.റ്റി**
സെക്രട്ടറി, കെസിബിസി ഐക്യജാഗ്രതാ കമ്മീഷൻ

**ശ്രീ. ഷാജി ജോർജ്**
പ്രസിഡന്റ്, കേരള കാത്തലിക് ഫെഡറേഷൻ

**ഫോട്ടോ മാറ്റർ:** കെസിബിസി ഐക്യജാഗ്രതാസമിതിയുടെയും കേരള കാത്തലിക് ഫെഡറേഷന്റെയും സംയുക്താഭിമുഖ്യത്തിൽ സംഘടിപ്പിച്ച പഠനശിബിരം മാർ ജോസ് പുത്തൻ വീട്ടിൽ പിതാവ് ഉദ്ഘാടനം ചെയ്യുന്നു. ഡോ. എൻ. അജിത് കുമാർ, ശ്രീ. കെ. വേണു, പ്രൊഫ. നിതിൻ, ഡോ. കൊച്ചുറാണി ജോസഫ്, ഫാ. വർഗീസ് വള്ളിക്കാട്ട്, ഡോ. കെ. എം. ഫ്രാൻസിസ്, ശ്രീ. ഷാജി ജോർജ്, പ്രൊഫ. ജോസ്കുട്ടി ജെ. ഒഴുകയിൽ, ഫാ. സാജു സി.എസ്.റ്റി എന്നിവർ സമീപം